# മഞ്ഞുതുള്ളി



## GHSS VATAKARA

### School Magazine

# മുഖമൊഴി

സാങ്കേതികവിദ്യയുടെ വളർച്ച ഊഹിക്കാൻ കഴിയുന്നതിലും അപ്പുറത്തേക്ക് വളരുകയാണ്.ഇവിടെ ഈ മാറ്റങ്ങൾ ഉൾക്കൊള്ളുവാനും അതിന് ഒരു പ്രേരകശക്തിയായി തീരുവാനും പുതിയ കുട്ടികളെ സജ്ജരാക്കേണ്ടതുണ്ട്.വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന ഈ ദൗത്യം ഏറ്റെടുത്ത ജി.എച്ച്.എസ്.എസ് വടകരയിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രകാശനത്തിനായി തയ്യാറായിരിക്കുകയാണ്.കുട്ടികളുടെ തികച്ചും ആത്മാർത്ഥമായ പരിശ്രമങ്ങൾ,അവരുടെ ഭാവനകൾ,സർഗപരമായ കഴിവുകൾ - ഒക്കെയും ഒരുമയോടെ ഈ മാഗസിനിന്റെ രൂപീകരണത്തിൽ നിർണ്ണായകശക്തിയായിട്ടുണ്ട്. ചാരിതാർത്ഥ്യത്തോടെ വായനക്കാർക്ക് സമർപ്പിക്കുന്നു....

# ഉള്ളടക്കം


1.ദുഃഖങ്ങളുടെ പ്രളയം....................അഞ്ജിത.ആർ

2.ലോപമുദ്ര..........................അന്വയ.എസ്.രാജ്

3.പടിവാതിലോളം...........................ശാരിക.യു

4.പ്രകൃതി..........................................നീരജ്

5.സൗഹൃദം..........................ആദിക്ക് അശോക്

6.സുന്ദരമായ താമരശ്ശേരി ചുരം.......ജാനി.പ്രമോദ്

7.ഓണം ഒരോർമ്മ.................മാധവ്.ബി.എസ്

8.സൗഹൃദം.....................................സ്വാതി

9.ജ്യാമിതി...............................അതുൽ ജിത്ത്

10.എന്റെ ഭ്രമി......................ശിവദ അഘിലേഷ്

11.മാറുന്ന കേരളം.......................അതുൽ ജിത്ത്

12.മയിൽ പീലി..................ആദിക്ക് അശോക്

13.തോരാ കണ്ണീർ.....................അമയ.കെ.കെ

14.മാതൃസ്നേഹം......................അനുപ്രിയ.എസ്

15.കാട്.......................................ഫാത്തിമ.കെ

16.കുത്തിവര.................................അമയ്

17.മൈ ഡ്രീമ്..............................അമയ്.കൃഷ്ണ
18.വര.....................  ...................സൂര്യകൃഷ്ണ
19.വര...............................അവന്തിക.സുഭാഷ്
20.ചെണ്ട..............................ശ്രീരാജ്.പി.എം
21.കേരളത്തിന്റെ വിരഹം...അമയ്.കൃഷ്ണ

# ദുഃഖങ്ങളുടെ പ്രളയം



പ്രളയം! പ്രളയം എന്നു കേൾക്കുമ്പോൾ മനസ്സിൽ ഒരു പേടിയാണ്.നമ്മുടെ ഉറ്റവരേയും ഉടയവരേയും ഒരു നോക്കുകാണാൻ പോലും സമ്മതിക്കാതെ കൊണ്ടുപോയ പ്രളയം.പണ്ടുള്ളവർ പറയുമായിരുന്നു 'കൊടുത്താൽ കൊല്ലത്തുംകിട്ടും'എന്ന്. അതുതന്നെയാണ് ഇവിടെയും സംഭവിച്ചത്.നാം പ്രകൃതിയെ ദ്രോഹിച്ചപ്പോൾ  അത് തിരിച്ചു നമ്മളെയും ദ്രോഹിച്ചു.പ്രളയദിനങ്ങളിലെ പത്രവാർത്തകൾ നാം കണ്ടതാണ്.നമ്മുടെ മനസ്സലിയിപ്പിക്കുന്ന ചിത്രങ്ങളും.



നാം ഒന്നു ഓർത്തുനോക്കു...
ഹിന്ദുവെന്നും മുസ്ലീമെന്നും, പാവമെന്നും പണക്കാരനെന്നും വിഭജനങ്ങൾ ഉണ്ടായിരുന്ന നമ്മുടെ കേരളത്തിൽ പ്രളയത്തിനു ശേഷം എല്ലാവരും ഒന്നായിരിക്കുന്നു. "നാം ഒന്ന്" എന്ന മുദ്രാവാക്യം ഏവരും ഉയർത്തിപ്പിടിച്ചു.ദുരന്തം അനുഭവിക്കുന്നവരെ കേരളം ഒരുമിച്ച് സഹായിച്ചു.നമ്മുടെ ഐക്യത്തിനു മുമ്പിൽ പ്രളയം മുട്ടുമടക്കി. പ്രളയത്തെ നാം അതിജീവിച്ചു.

അഞ്ജിത .ആർ

# ലോപമുദ്ര



അച്ഛന് സുഖമില്ലാത്തതിനാലാണ് ലേഖ ചെന്നൈയിലേക്ക് വന്നത്.ഹോസ്പിറ്റലിൽ അച്ഛനെ കണ്ടു കഴിഞ്ഞപ്പോൾ ,രണ്ടു ദിവസം കൂടെ നിന്നപ്പോൾ എന്തോ മനസിനൊരാശ്വാസം.തിരിച്ചു പോരാൻ നേരം അമ്മയുടെ മുഖം കനത്തിരിക്കുന്നു.രണ്ടു ദിവസം കൂടി നിൽക്കാമായിരുന്നു,എന്തു ചെയ്യാം വീട്ടിൽ ഹരിയേട്ടനും മക്കളും തനിച്ചല്ലേ ഉള്ളൂ ഞാനില്ലാതെ പറ്റില്ല,മാത്രമല്ല ഓഫീസിൽ പോവാതിരിക്കാനും കഴിയില്ല.



www.shutterstock.com • 442362250

ട്രെയിനിന്റെ ചൂളം വിളി ലേഖയെ ഓർമകളിൽ നിന്നുണർത്തി.തനിക്കു പോവേണ്ട പരശ്ശുറാം എക്സ്പ്രസ്സ്  ആണ് ചൂളം വിളിക്കുന്നന്നത്.ഓർമകളുടെ ലോകത്ത് തിരക്കുകൾക്കും വേവലാതികൾക്കും സ്ഥാനമില്ലല്ലോ... വീണ്ടും ആലോചിച്ചു നിൽക്കാതെ ബാഗുമെടുത്ത് ഓടി ട്രെയിനിൽ കയറി.തിരക്കു പിടിച്ച് സീറ്റ് കണ്ടെത്തും മുമ്പേ ട്രെയിൻ നീങ്ങിത്തുടങ്ങിയിരുന്നു.ബാഗ്

ഒതുക്കിവച്ചു.പെട്ടന്നാണ് ഒരു കാര്യം ഓർത്തത്,ബദാം പാൽ കുടിച്ചില്ല.ചെന്നൈയിൽ വരുമ്പോഴുള്ള പതിവാണത്.ഇളം ചൂടുള്ള ആ മഞ്ഞ പാൽ പതിയെ ഊതിക്കുടിക്കുന്നത് ഒരു സുഖമാണ്.ആ !!!ഇനി അടുത്തവട്ടമാകാം.

അടുത്തിരിക്കുന്ന സ്ത്രീ തന്നെ നോക്കി ചിരിക്കുന്നത് ലേഖ ശ്രദ്ധിച്ചു,ആ സ്ത്രീയെ എവിടെയോ കണ്ടു നല്ല പരിചയം.ബന്ധുവാണെന്ന് തോന്നുന്നു. തിരിച്ചു ചിരിച്ചു,തിരിച്ചു ചിരിച്ചതും അവർ സംസാരിച്ചു തുടങ്ങി.എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു.അവരോട് സംസാരിക്കാൻ വയ്യാതെ ഞാൻ ബാഗിൽ നിന്ന് എം മുകുന്ദന്റെ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന പുസ്തകം എടുത്ത് മുന്നിൽ വച്ചു.എന്നിട്ടും അവർ സംസാരം നിർത്താതായപ്പോൾ ഞാൻ മുഖം കഴുകണം എന്ന് കള്ളം പറഞ്ഞ് എഴുന്നേറ്റു പോയി.

തിരിച്ചു വന്നപ്പോൾ അവർ കിടന്നിരുന്നു.ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ ആണ് അത് ശ്രദ്ധിച്ചത്.അടുത്ത സീറ്റിൽ ഒരു

ബംഗാളി കുടുംബം.ഒരു സ്ത്രീ,അവരുടെ ഭർത്താവെന്ന് തോന്നിക്കുന്ന ഒരാൾ ,ഒരു മലയാളി,ഒരു കൊച്ചു കുഞ്ഞ്,പിന്നെ ഒരു നാല് അഞ്ച് വയസ്സ് പ്രായം തോന്നിക്കുന്ന പെൺകുട്ടിയും.

എന്നെ ആകർഷിച്ചത് അവളാണ്.ഏവരേയും ആകർഷിക്കുന്ന നീല കണ്ണുകൾ,ചെമ്പിച്ച തലമുടി. സുന്ദരമായ മുഖം.അപ്പഴാണ് ഞാൻ ശ്രദ്ധിച്ചത് അവളുടെ മുഖത്ത് വിഷാദം പടർന്നു പിടിച്ചിരിക്കുന്നു.ചിരി,



മാഞ്ഞിരിക്കുന്നുഎന്തൊക്കയോ പ്രശ്നങ്ങളുണ്ടെന്ന് എനിക്കു തോന്നി.ആ മലയാളിയുടെ അടുത്ത് പോയിരിക്ക്,അയാളോട് സംസാരിക്ക് എന്നൊക്കെ അവളുടെ അമ്മ പറയുന്നുണ്ടായിരുന്നു.അതു കേട്ട് അവൾ പേടിയോടെ അയാളുടെ അടുത്ത് പോയിരിക്കുന്നതും കാണാമായിരുന്നു.എന്തോ എനിക്കത് ഇഷ്ടമായില്ല. ഭക്ഷണം കഴിഞ്ഞ്, ബാത്ത്റൂമിൽ പോയി തിരികെ എത്തുമ്പോൾ അവൾ

ഒരു പേടിയും ഇല്ലാതെ ട്രെയിനിന്റെ സൈഡ് ഡോറിൽ പുറത്തേക്ക് നോക്കി നിൽപ്പുണ്ടായിരുന്നു.ഞാൻ അവളെ അകത്തേക്ക് വലിച്ചിട്ടു.അവൾ പേടിയോടെ എന്നെത്തന്നെ നോക്കിനിന്നു. അവളുടെ അമ്മ വന്ന് ബംഗാളിയും മറാത്തിയും കലർന്ന ഭാഷയിൽ എന്നെ എന്തൊക്കെയോ പറഞ്ഞ്, അവളെയും വലിച്ച് കുട്ടിക്കൊണ്ടു പോയി. എന്തോ പെൺകുട്ടികളില്ലാത്തതിനാലാവാം ആ കുട്ടിയോട് എനിക്ക് ഒരു പ്രത്യേക വാത്സല്യമുണ്ടായിരുന്നു. ഹരിയേട്ടൻ സ്റ്റേഷനിൽ എത്താമെന്ന് പറഞ്ഞിട്ടുണ്ട്.അഞ്ച് മണിക്ക് വടകര എത്തും,4.45 ന് അലാറം സെറ്റ് ചെയ്തു. കിടക്കാൻ നേരം അടുത്ത സീറ്റിൽ നോക്കി,ആ പെൺകുട്ടി നിലത്ത് കിടന്നുറങ്ങുന്നുണ്ടായിരുന്നു.ഒരു പുതപ്പുപോലുമില്ലാതെ. എനിക്ക് അങ്ങോട്ട് നോക്കാൻ കഴിഞ്ഞില്ല. അവളുടെ കൈയ്യിൽ ഹിന്ദിയിൽ "ലോപമുദ്ര" എന്നു പച്ചകുത്തിയിരുന്നു. പതിയെ ഞാൻ ഉറക്കത്തിലേക്ക് വഴുതി വീണു.

അലാറം അടിഞ്ഞതറിഞ്ഞില്ല. 5.50 ത് കഴിഞ്ഞിരുന്നു.പെട്ടന്ന് ബാഗ് പായ്ക്ക് ചെയ്തു.


പൊട്ടുന്നനെ  ലോപമുദ്രയെ നോക്കി....എന്റെ ഉള്ളൊന്നു കാളി!!! അവളെ കാണുന്നില്ല,ആ മലയാളിയെയും. ഞാൻ ഓടി അവളുടെ അമ്മയുടെ അടുത്തെത്തി,വിളിച്ചുണർത്തി. പേടിയോടെ ചോദിച്ചു, "ലോപമുദ്ര കഹാം ഹെ" .എന്റെ പേടിയും ഭയവുമൊന്നും അവരിൽ കണ്ടില്ല. എന്നെ എന്തൊക്കെയോ ചീത്ത പറഞ്ഞ് അവർ വീണ്ടും കിടന്നുറങ്ങി. ട്രെയിൻ ചൂളം വിളിച്ചു, വടകര സ്റ്റേഷൻ എത്തിയിരിക്കുന്നു. നീല കണ്ണുകളുള്ള, ചെമ്പിച്ച മുടിയുള്ള ആ കൊച്ചു സുന്ദരിയെ മറക്കാൻ ശ്രമിച്ചു കൊണ്ട് ഞാൻ സ്റ്റേഷനിലിറങ്ങി. അപ്പോഴും ഒരു ചോദ്യം മാത്രം ബാക്കി, പൊട്ടുന്നനെ എങ്ങോട്ടാണവൾ മറഞ്ഞത്......??????.

-അന്വയ.എസ്.രാജ്

# പടിവാതിലോളം



വെള്ളിനൂൽ മഴയുടെ ചാരത്തിരുന്നിട്ട്
കാണാക്കിനാവുകൾ കണ്ട നേരം
ഇന്നലെയെങ്ങോ മറഞ്ഞ കിനാവിന്റെ
പൊട്ടും പൊടിയും തട്ടുന്നു.
കൂര തുരന്നെന്റെ ഓർമ്മകൾ മാച്ചൊരാ...
നീർമണിമുത്തുകൾ എങ്ങുപോയ് ?
ഊർന്നിറങ്ങുമ്പോഴും കിനാവുകളോരോന്നും
മെനഞ്ഞെടുത്തു.
ഇന്നലെയുള്ള രാത്രി മഴയിലും വന്നെത്തി
വീണ്ടുമെൻ നഷ്ട സ്വപ്നം.വീണ്ടുമെൻ പടിവാതിലോളം
എത്തിനോക്കി നീയെങ്ങോട്ടു മാഞ്ഞുപോയി ?
ഇന്നുമെൻ ഓർമയിൽ നീയുമുണ്ട്
എവിടെയോ കാണാതെ ഒളിച്ചിരിപ്പായ്...



*ശാരിക. യു.*

# പ്രകൃതി

എന്തെഴുതണമെന്നറിയില്ല
എന്തു പറയണമെന്നറിയില്ല
പറയാൻ വാക്കുകളും ഇല്ല

ഞാൻ പിറന്നു വീണ മണ്ണിനെ
കുറിച്ചു ചൊല്ലുവാൻ
പുലർക്കാല വേളയിൽ
അമ്മതൻ ഗർഭപാത്രത്തിൽ
കള കള ശബ്ദം മതിർക്കും

ഗർഭസ്ഥ ശിശുവാണോ എൻ പ്രകൃതി?
സൂര്യനുദിച്ചുയരുംമ്പോൾ
പിച്ചവെച്ചുനടക്കും

പിഞ്ചുബാലനോ എൻ പ്രകൃതി?
നട്ടുച്ചനേരത്ത്
വികൃതികൾ കാട്ടി കടക്കുന്നു

കൗമാരക്കാരനോ എൻ പ്രകൃതി?



നീരജ്



# സൗഹൃദം

കാറ്റല്ല മഴയല്ല തീയായ് ജ്വലിക്കുന്ന
നൊമ്പരമാണിന്ന് സൗഹൃദം
നേരായസൗഹൃദം കാൺമതെവിടെ
ശ്രീകൃഷ്ണകഥകളിൽ മാത്രം
കാറ്റായിരുന്നില്ല മഴയായിരുന്നില്ല
തീയായിരുന്നില്ല സൗഹൃദം
തേന്‍പോൽ ഊറും
നറുവെണ്ണയാണ് ശരിയായ സൗഹൃദം
ശരിയായ സൗഹൃദത്തിന്റെ നെറുകയിൽ
കാറ്റില്ല മഴയില്ല തീയില്ല പുകയില്ല
സ്നേഹമായ് തീരുന്ന ചെറുമഴ മാത്രം



ആദിക്ക്അശോക്.ടി.വി

# സുന്ദരമായ താമരശ്ശേരി ചുരം



മൈസൂരിൽ പോകുമ്പോൾ താമരശ്ശേരി ചുരത്തിൽ കയറുമ്പോൾ മെല്ലെ തണുത്ത കുളിർകാറ്റ് തഴുകി. പിന്നെ ഉയരം കൂടിയപ്പോഴേക്കും തണുപ്പ് കൂടാൻ തുടങ്ങി. പിന്നെ വലിയ വലിയ കുന്നുകൾ കാണാൻ തുടങ്ങി. പുലർച്ചെയായതിനാൽ ആ മലകളെ മൂടൽമഞ്ഞ് പൊതിഞ്ഞിരുന്നു. മെല്ലെ മല്ലെ ആ മൂടൽ മഞ്ഞുകൾ നീങ്ങി പച്ചപ്പുനിറഞ്ഞ മലകളെ കാണാൻ തുടങ്ങി. ചുവന്ന നിറത്തിൽ തിളങ്ങി കൊണ്ട് സൂര്യൻ ആ മലകൾക്കിടയിലൂടെ ഉദിക്കാൻ തുടങ്ങി പതിയെ തണുപ്പ് കുറയാൻ തുടങ്ങി. കർണാടക അതിർത്തി കടക്കും വഴി ഞാൻ നിറയെ പുള്ളികളുള്ള ഒരു കൂട്ടം പുള്ളിമാനുകളെ കണ്ടു. അവ എന്നെ അത്യധികം ആകർഷിച്ചു. അവയുടെ പുള്ളികളാണ് കൂടുതൽ മനോഹരം. പിന്നെ പച്ചനിറഞ്ഞ വനത്തിലൂടെയായിരുന്നു യാത്ര. യാത്രയ്ക്കിടെ നിരവധി കുരങ്ങുകളെ കണ്ടു. തിരിച്ചു വരവായിരുന്നു ഏറെ ആകർഷിച്ചത്. ഞങ്ങൾ കാട്ടിലൂടെ



വരുമ്പോൾ ഒരു കൂട്ടം ആനകളെ കണ്ടു. വലിയ ആനകളുടെ ഇടയിലൂടെ ഒരു കുട്ടിയാനയും കടന്നുപ്പോകുന്നതും കണ്ടു. ആനകുട്ടിയെ സംരക്ഷിക്കാൻ അവ ഒരു സംഘം തന്നെ ഉണ്ടായിരുന്നു. പിന്നെ താമരശ്ശേരി ചുരത്തിന്റെ 14ാം വളവിലെത്തിയപ്പോഴോക്കും സൂര്യൻ മറഞ്ഞിരുന്നു. ആ മലകളെമെല്ലെ മൂടൽ മഞ്ഞുകൾ പൊതിയാൻ തുടങ്ങി.

ജാനി പ്രമോദ്

# ഓണം ഓരോർമ്മ

നല്ല  ഇളശനിലവെട്ടി തുമ്പ പ്പൂ ചോറു വിളമ്പി
കൂട്ടുകുടുംബമായൊത്തൊരുമയോടെ
ആഘോശിക്കുന്ന ഒരോണം നമുക്കുണ്ടായിരുന്നു
മഹാബലി തമ്പുരാന്റെ ആണ്ടിലൊരിക്കലുള്ള വരവ്
നമുക്കതൊരു സുഖമായിരുന്നു. എന്നാലിന്നോ
 പ്ലാസ്റ്റിക് പൂക്കളും ഫാസ്റ്റ്ഫുഡും വിദേശ മദ്യങ്ങളും
കൊണ്ടു മിന്ന്  നാമോണം ആഘോഷിക്കുന്നു.
ബർമൂഡയും ടീഷർട്ടും പോപ്പി നാനോകുടയും
പിടിച്ചു നിൽക്കുന്ന മാവേലിയെ ചിത്രീകരിച്ചിടുന്നു
തുമ്പപ്പൂവും ചെത്തിയുമെല്ലാം ഇന്നൊരു ഓർമ മാത്രം




മാധവ് ബി എസ്

# സൗഹൃദം

ഒരിക്കൽ ഞാൻ നിന്റെ കൈയ്യിൽ
നിന്നും മധുര മാമ്പഴം തട്ടിപ്പറിച്ചു
അതു നീ കാര്യമാക്കാതെ വിട്ടു.
പക്ഷെ ഒരു നാൾ നീ കളി പമ്പരം
വേണമെന്നു പറഞ്ഞു
എന്നോട് പിണങ്ങിപ്പോയ്
അന്നു ഞാൻ ഒറ്റപ്പെടലിൻ
വേദനയറിഞ്ഞു
അന്നു ഞാൻ സുഹൃത്ത് ബന്ധത്തിൻ
മാധുര്യമറിഞ്ഞു
പിന്നെ ഞാൻ എന്റെ സ്നേഹപമ്പരം
നിനക്കുവേണ്ടി സമ്മാനിച്ചു
അന്നു നീ നിലാവിൻ ശോഭയേപ്പോൽ
ഓർമ്മ മാത്രമായ്



സ്വാതി



ATHULJITH

# എന്റെ ഭൂമി



പൂർവദിക്ക് വ്യോമത്തിൽ ചുവന്ന പൊട്ടും
സുഗന്ധവുമായി വരുന്ന പുലരിയും,
പൂർണ്ണചന്ദ്രനു ചുറ്റും
ളൂഷമാൽ നിറഞ്ഞ രാത്രിയും,
പലതരം ചിത്രങ്ങൾ ചാലിച്ചു-
നിൽക്കുന്ന സന്ധ്യയും,
പൂവിനു ചുറ്റും പറക്കുന്ന-
കൊതിയൻ തേനീച്ചകളും,
ഇളം തെന്നലാൽ നടന-
മാടുന്ന മരച്ചില്ലകളും.
ഹാ! എന്ത് മനോഹരമാണീ ഭൂമി
ഈ സുന്ദര ഭൂമിയിൽ ജനിച്ച-
നമ്മളെല്ലാം എത്ര ഭാഗ്യവാന്മാർ.



ശിവദ അഖിലേഷ്

# മാറുന്ന കേരളം



കാലങ്ങളോരോന്നു പിന്നിട്ടു പോയപ്പോൾ
മാനുഷരെല്ലാം മാറിപോയി
കുന്നുംകുളങ്ങൾ നികത്തീട്ടു ഭൂമിയിൽ
മാളികയോരോന്നുയർത്തീടുന്നു
മാലിന്യക്കൂമ്പാരം കൂട്ടീട്ടു ഭൂമിയിൽ
ജീവനിൽ പോലും വിഷമയമായി
വൃക്ഷങ്ങൾ വെട്ടി നശിപ്പിച്ച ഭൂമിയിൽ
പുല്ലുകൾപോലും മുളയ്ക്കാതെയായി
ഇങ്ങനെപോയാൽ എത്രനാളീക്ഷിതി
ജീവനോടുണ്ടാമെന്നാർക്കറിയാം



അതുൽ ജിത്ത്

# മയിൽപ്പീലി

എന്തിനുനിയെനിയെന്റെ
പുസതകതാളിൽ
ആ മയിൽപ്പീലിഒളിച്ചുവച്ചു
എന്തിനുഞാനത് നെഞ്ചോടടക്കിവച്ചു
നിയാമയിൽപ്പീലിആയതുകൊണ്ടോ
അതൊ ഞനൊരു
പുസതകപുഴുവായതുകൊണ്ടോ......



ആദിക്ക്അശോക്.ടി.വി

# തോരാകണ്ണീർ



ഒരു വൻചാറ്റലായ് എങ്ങോ പെയ്ത്തെന്റെ
മണ്ണിലേക്ക് ഇന്ന് നീ വന്നു
നാശനഷ്ടം വരുത്തിയെൻ
നാടിന്റെ കുളിരെല്ലാം കൊണ്ട് നീ
പോയി



വേർപ്പാടിൻ വേദന എൻ നാടിനെ
ഒന്നു മെല്ലെ തഴുകുവാൻ നോക്കി
ഞാൻ ആ നേരം ഏകയായി
മാറിയതായി അറിഞ്ഞില്ല
ഒരുവൻ ചാറ്റൽ പോൽ ഇന്നു നീ നിൽപ്പൂ
തോരാകണ്ണീരായി...................
ആ ദുഃഖമെന്നിൽ അനന്തത സൃഷ്ടിച്ചു
ഇന്നുമാദുഃഖം എൻ മുററത്ത് വെള്ളമായി നിൽപ്പൂ
ജിവനുതാങ്ങായി നിന്നവർ എത്രപേർ???
പോരാടിയതെത്ര പേർ???
ഓന്നുമറിഞ്ഞിരുന്നില്ല ഞാൻ
ഇന്നു ഞാനോർപ്പൂ ആ മഹാപ്രളയം.......
ഒരു വൻ ചാറ്റലായ് എങ്ങോ പെയ്ത്തെൻെറ
മണ്ണിലേക്ക് ഇന്നു നീ വന്നു
ജിവൻ തന്നപേർ ഒരു വൻചാറ്റലായ്
എൻ മുന്നിൽ നിൽപ്പൂ ഏകരായ്....

അമയ ഷിജീന്ദ്രൻ കെ. കെ

# മാതൃസ്നേഹം



നമ്മുടെ പ്രകൃതി എന്നത് പുൽക്കളും പുഴകളും നിറഞ്ഞതാണ്. ഈ മനോഹരമായ പ്രകൃതിയെ മനുഷ്യർ എന്തൊക്കെ വിധത്തിലാണ് ചൂഷണം ചെയ്യുന്നത്? കുന്നുകൾ നിരത്തിയും, വയലുകൾ നികത്തിയും അങ്ങനെ പല കൊള്ളരുതായ്മയും മനുഷ്യർ ചെയ്യുന്നു. എന്നിരുന്നാലും പ്രകൃതി നമുക്ക് തണലും, പ്രാണവായുവും നൽകുന്നു. നാം ഓരോരുത്തരും പിറന്നുവീഴുന്നതും,മരിച്ചുവീഴുന്നതും പ്രകൃതിയുടെ കാൽപ്പാടുകൾ പതിഞ്ഞ മണ്ണും,നമുക്ക് പ്രാണവായു നൽകുന്ന പ്രകൃതിയുടെ കൈകളാകുന്ന മരങ്ങളും,നമുക്ക് ശാന്തത നൽകുന്ന ആകാശവും,ഈ ആകാശത്തിൽ നിന്ന് വീഴുന്ന വെള്ളിനൂലാകുന്ന മഴയും പ്രകൃതിയാവുന്ന അമ്മയുടെ കാരുണ്യം കോലുന്ന മുഖങ്ങൾ മാത്രമാണ്. ഈ പ്രകൃതിയെ നാം



ഇത്രയധികം വേദനിപ്പിച്ചിട്ടും എല്ലാം സഹിച്ചും ക്ഷമിച്ചും ഒരമ്മയായി തണൽ നൽകുന്നു. പ്രകൃതിയുടെ അസന്തുലിതാവസ്ഥയ്ക്ക് കാരണം നാം ഓരോരുത്തരുമാണ്. നമ്മുടെ ആഡംബരത്തിനായി ചൂഷണത്തിന് വിധേയമകേണ്ട ഒന്നല്ല പ്രകൃതി എന്ന് ഓർക്കുക.

പ്രകൃതിയിൽ അതിമനോഹരമായി കാഴ്ച്ചഭംഗികൾ കാണാനുണ്ട്. വെള്ളച്ചാട്ടം, തടാകം, വയലുകൾ, സമുദ്രങ്ങൾ അങ്ങനെ എണ്ണിയാൽ തീരാത്ത അത്രയും ഭംഗികൾ. ഈ ഭംഗികൾ ഇല്ലാതാക്കി നാം കെട്ടിപ്പടുക്കുന്ന കെട്ടിടങ്ങൾ മാനവ രാശിയിൽ തന്നെ ഭാവിയിൽ വിനയായി തീരുമെന്ന് തീർച്ച. ഇതിൻെറ ഓരോ ലക്ഷണങ്ങളും നാം കണ്ടുതുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന് കേരളത്തെ പിടിച്ചുകുലുക്കിയ അനേകായിരം പേരുടെ ജീവനെടുത്ത ദേശീയദുരന്തമായി പ്രഖ്യാപിക്കപ്പെട്ട പ്രളയം. മാത്രമല്ല, കെട്ടിടത്തിനു വേണ്ടി മണൽവാരി കേരളത്തിൻെറ കൊച്ചുപ്രദേശമായ ആലപ്പാട് എന്നന്നേയ്ക്കുമായി ഇല്ലാതായി തീരാനുള്ള


സാഹചര്യത്തിൻെറ വക്കിൽ എത്തിയിരിക്കുന്നു. ഇങ്ങനെ മനുഷ്യൻെറ അശാസ്ത്രീയമായ ഭൂവിനിയോഗരീതികൾ  നിർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

നാം പ്രകൃതിയോട് ചെയ്യുന്ന ഏറ്റവും വലിയ കുറ്റകൃത്യം മലിനീകരണം ആണ്. പുഴയോരങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം നിക്ഷേപിച്ചും,ഫാക്ടറികളിൽ നിന്നുള്ള പുക വായു മലിനീകരണത്തിന് കാരണമാകുന്നു,അമിതമായ രാസവളം,  രാസവസ്തു എന്നിവയുടെ ഉപയോഗം,ഗ്രഹോപകരണമായ റഫ്രിജറേറ്ററുകളിൽ നിന്നും പുറത്തു വരുന്ന സി. എഫ്. സി അന്തരീക്ഷത്തെ കാത്തുസൂക്ഷിക്കുന്ന ഓസോൺ പാളിയിൽ ശോഷണം വരുത്തുന്നു. ഇത്രയും കുറ്റകൃത്യങ്ങൾ ചെയ്തിട്ടും നാം ഓരോരുത്തരുടെയും ജീവിതം തന്നെയാണ് ആപത്തിലാകുന്നത്. പ്രകൃതിയെ നമ്മുടെ അമ്മയാണ്. ആ അമ്മയെ വേദനിപ്പിക്കാതെ ഇനിയുള്ള കാലം സന്തോഷകരമായി മാറ്റുക.

അനുപ്രിയ എസ്


# കാട്

കാടിന്റെ മശ്യമാം സൗന്ദര്യമാണെന്റെ
ഹൃദയത്തിൽ ജീവിത ഗന്ധം.
അന്നോരത്തുനിന്നു ഞാൻ മൊഴിയുവാൻ
കാതോർക്കു നിൻ മൃദു സപന്ദമാം തഴകൽ
ഞാനന്നു മോർക്കുന്ന നിൻ കാലൊച്ചകൾ
കാറ്റിൽ നിന്നോടിയുലഞ്ഞു നീ മഴയായ് എന്നോട്
മൊഴുന്നതെഞ്ഞു മാത്രം എന്നാൽ നിന്നോട്
ചേർന്നിരിക്കാൻ അത്രമാത്രം എനിക്ക്
നിന്നോട് മൊഴിയുവാൻ ഇത്ര മാത്രം.
നിന്റെ സൗന്ദര്യം ഇന്നന്റെ ജീവിതാംശം മാത്രം
കാടിന്റെ വശ്യമാം സൗന്ദര്യമാണെന്റെ
ഹൃദയത്തിൽ ജീവിതം ഗന്ധം എൻ
ഹൃദയത്തിൽ ജീവിത ഗന്ധം.



ഫാത്തിമ.കെ


AMAY


Amay

# My Dream



ONE DAY  I AM IN DREAM
I SAW A LITTLE ANGEL
THE SYMBOL OF KNOWLEDGE
THE SYMBOL OF STRONG WOMAN
THE SYMBOL OF PEACE

ONE DAY I AM IN DREAM
I SAW A OLD WOMAN
THE SYMBOL OF NATURE
THE SYMBOL OF  LOVE
THE SYMBOL OF HEALTH

ONE DAY I  AM IN DREAM
I SAW A POLICE OFFICER
THE SYMBOL OF DISCIPLINE
THE SYMBOL OF FAITH
THE SYMBOL OF GOD



AMAY KRISHNA  R.S





സൂര്യകൃഷ്ണ






അവന്തിക സുഭാഷ്

# STATE



I AM IN KERALA
THE GODS OWN COUNTRY
I SEE MANY RIVERS
I SEE MANY FIELDS

I AM IN TAMIL NADU
THE ROOT OF BHARATANATYAM
I CAN SEE BRIHADVISHWARWA TEMPLE
WE CAN SEE KODAIKANAL

I AM IN KARNATAKA
THE ROOT OF YAKSHAGANA
I CAN SEE JOG FALLS
WE CAN SEE GOMETASWARA

I AM IN ANDRAPRADESH
THE ROOT OF KUCHIPUDI
I CAN SEE KRISHNA RIVER
WE CAN SEE VENKATESWARA TEMPLE

I AM IN MAHARASHTRA
I CAN SEE GODAVARI RIVER
WE CAN SEE BRAHMHAGIRI HILLS
WE CAN SEE AJANTA ELLORA CAVE
WE CAN SEE GATE WAY OF INDIA

I AM IN GOA
madhya pradeshTHE SMALL STATE IN INDIA
I CAN SEE DUDHSAGAR FALLS
WE CAN SEE ANJUNA BEACH
WE CAN SEE MANY OF FILM FESTIVAL

I AM IN CHATTISGARH

I CAN SEE CHITRAKOT FALLS
WE CAN SEE SWAMI VIVEKANANDA AIRPORT
WE CAN SEE THE CAPITAL CITY RAIPUR

I AM IN ORISSA
THE ROOT OF ODISSI
I CAN SEE CHILKA LAKE
WE CAN SEE KONARK TEMPLE
WE CAN SEE MAHANADI

I AM IN GUJARATH
THE ROOT OF GARBA AND DANDIYA
I CAN SEE LOTHAL
WE CAN SEE RANI KI VAV
WE CAN SEE SARDAR SAROVAR DAM

I AM IN MADHYA PRADESH
THE ROOT OF MAAtNCH
I CAN SEE KAHAJURAHO TEMPLE
WE CAN SEE MESOLITHIC ROCK PAINTING BIMBETKA
WE CAN SEE GWALIOR FORT

I AM IN RAJASTHAN
THE ROOT OF GHOOMAR
I CAN SEE THAR DESERT
WE CAN SEE HAWAMAHAL
WE CAN SEE DILWARA TEMPLE'S

I AM IN UTTAR PRADESH
THE ROOT OF KATHAK
I CAN SEE JIM KORBET NATIONAL PARK
WE CAN SEE FATHRPUR SIKRI
WE CAN SEE VARANASI
WE CAN SEE AGRA

I AM IN HARYANA
I CAN SEE YAMUNA RIVER
WE CAN SEE GURUGRAM  CITY

I AM IN BIHAR
I CAN SEE BODH GAYA'S TEMPLE'S
WE CAN SEE MAHABODHI TEMPLE
WE CAN SEE MAHAPUJYA

I AM IN JHARKHAND
I CAN SEE JAl MANDIR
WE CAN SEE DASSAM FALLS
WE CAN SEE DANBAD

I AM IN  WEST BENGAL
I CAN SEE TIPU SULTHAN  MOSQUE
WE CAN SEE DAKSHINE SAGAR KALI TEMPLE'S
WE CAN SEE DARJEELING

I AM IN PUNJAB
I CAN  SEE WAGAH BORDER
WE CAN SEE AMRITSAR TEMPLE'S

I AM IN HIMACHALPRADESH
I CAN SEE MANALI
WE CAN SEE KULLU VALLEY
WE CAN SEE SHIMLA

I AM IN  UTTARANCHAL
I CAN  SEE RISHIKESH
WE CAN SEE HARIDWAR
WE CAN SEE MUSSOORIE

# ചെണ്ട

കേരളത്തിലെ തനതുവാദ്യമായ ചെണ്ട ഒരു അസുരവാദ്യമാണ്



. കഥകളി,കൂടിയാട്ടം എന്നീ രംഗകലകളിലെ പ്രധാന പശ്ചാത്തലവാദ്യമാണ്

. പ്ലാവിൻ തടിയിൽ വീപ്പയുടെ ആകൃതിയിൽ  നിർമ്മിച്ചിട്ടുള്ള ചെണ്ടയുടെ ഉൾഭാഗം

പൊള്ളയാണ്. രണ്ടുവശവും പശുക്കിടാവിന്റെ

തോലുകൊണ്ട് ആവരണം ചെയ്യുന്നു. തോളിൽ തൂക്കിയിട്ട് രണ്ടു കൈകളിലും കോൽ പിടിച്ച് ഒരു വശത്തു മാത്രം

കൊട്ടുന്നു. ഉരുട്ടുചെണ്ട, വീക്കൻചെണ്ട

എന്നിങ്ങനെ പലതരം ചെണ്ടകളുണ്ട്.

# കേരളത്തിൻ വിരഹം




എന്തിനു നീയിങ്ങനെ
ആടിത്തിമിർക്കുന്നു
നിന്റെ ചിലങ്കയുടെ ശബ്ദം,
എനിക്ക് ഭയമാണ്
കാറ്റു നിന്നോട് പടപൊരുതിയിട്ടും
നീയവനെ പരാജയപ്പെടുത്തി.

സൂര്യഭഗവാനെ ധിക്കരിച്ചു
നിയെന്തിനഹങ്കരിച്ചു
എരിയുന്ന തീക്കനലും
കേരളത്തിൽ മനസ്സാക്ഷിയും
നിന്നോടപേക്ഷിച്ചു.
പൊട്ടിപ്പൊടിഞ്ഞ പാതകൾ
വിതുമ്പിക്കരഞ്ഞു......
എന്നിട്ടും നീയെന്തേ അവർതൻ
വിരഹങ്ങൾ കേട്ടറിഞ്ഞില്ല.

എങ്കിലും വിരോധമില്ലെനിക്ക്
എന്തെന്നാൽ ഞാൻ ഭൂമിയാണ്.
എനിക്കുനേരെ വിരൽ ചൂണ്ടിയ
പ്ലാസ്റ്റിക്കിനെ നീ തള്ളിനീക്കി.
എന്റെ സ്നേഹത്തിനു നേരെ പടുത്ത
മതിലുകൾ നിലം പതിച്ചു.
ധനികരുടെ കണ്ണിലെ
കറുത്തകണ്ണട നീ തട്ടിക്കളഞ്ഞു.
ഇനി നീ ചിലങ്കയഴിക്കണം
തിരിച്ചു പോവണം.



# കേരളം



തെക്കൻ കർണ്ണാടകത്തിൽ നിന്ന് പടിഞ്ഞാറ് തീരത്ത്കൂടി തെക്കോട്ട് കന്യാകുമാരിക്ക് 43.3 കീ. മീറ്റർ വടക്കുവരെ വ്യാപിച്ചു കിടക്കുന്ന ഭൂവിഭാഗങ്ങളാണ് ഇന്നത്തെ കേരളം. പ്രാചീന കേരളം കർണ്ണാടകയിലെ ഗോകർണ്ണം മുതൽ കന്യാകുമാരിവരെയായിരുന്നു. വടക്കും വടക്ക്കിഴക്ക് കർണ്ണാടകവും തെക്കും തെക്ക്കിഴക്ക് തമിഴ്നാടും പടിഞ്ഞാറ് അറേബ്യൻ സമുദ്രവുമാണ് കേരളത്തിന്റെ അതിർത്തികൾ. ഭാഷാസംസ്ഥാന രൂപീകരണത്തിന്റെ ഭാഗമായി 1956 നവംബർ ഒന്നിനാണ് കേരളസംസ്ഥാനം നിലവിൽ വന്നത്. തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിൽ നിന്ന് നാല് താലൂക്കുകളും ചെങ്കോട്ട താലൂക്കിന്റെ ഒരു ഭാഗവും തമിഴ്നാടിന് വിട്ടുകൊടുത്തുക്കൊണ്ട്, ശേഷിച്ച ഭാഗവും മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറും ദക്ഷിണ കർണ്ണാടകത്തിലെ കാസർഗോഡ് താലൂക്കും ചേർത്താണ് കേരളസംസ്ഥാനം രൂപീകരിച്ചത്. കേരളത്തിൽ 14 ജില്ലകളാണുള്ളത് വിസ്തീർണ്ണം 38864 ചതുരശ്ര കി.മീ. ഭാരതത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 1.03 ശതമാനം ജനസാന്ദ്രതയിൽ ഒന്നാം സ്ഥാനവും വലുപ്പത്തിൽ 17-ാം സ്ഥാനവും ആണ്.

കേരളം എന്ന പേര് നിലവിൽ

വന്നിട്ട് അഞ്ച് പതിറ്റാണ്ടുകൾ ആയിട്ടേയുള്ളുവെങ്കിലും സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തന്നെ കേരളമെന്ന പേര് രേഖപ്പെടുത്തിയിട്ടുണ്ട്. 1956 ൽ ഭാഷാടിസ്ഥാനത്തിൽ കേരളം എന്ന സംസ്ഥാനം രൂപീകരിക്കുന്നത് വരെ തിരുവിതാംകൂർ,കൊച്ചി,മലബാർ എന്നീ പ്രദേശങ്ങളാണ് ഉണ്ടായിരുന്നത്. 9ാം നൂറ്റാണ്ടുവരെ തമിഴ് ആയിരുന്നു ഈ പ്രദേശഭാഷ.

ഇതുവരെ ഞാൻ പറഞ്ഞത് ആദ്യകാല കേരളത്തെക്കുറിച്ചാണ്. എന്നാൽ ഇനി ഞാൻ പറയുന്നത് പ്രളയം ഉടലെടുത്ത കേരളത്തെക്കുറിച്ചാണ്. കഴിഞ്ഞ കുറച്ച് കാലം നാം പ്രളയത്തിന്റെ കയ്യിൽ ആയിരുന്നു.എന്നാൽ ഈ പ്രളയം നമ്മുടെ ജീവിതം തന്നെ മാറ്റിമറിച്ചു. എല്ലാവരുംവവവ ഒത്തുകൂടി ദുരന്തങ്ങൾക്കിടയിൽ മതം,ജാതി എന്നിവ ഒന്നുമല്ല. എന്ത് മനോഹരമായിരുന്നെന്റെ പ്രകൃതി ഭാവനകൾ ഒരുപാട് ഉണ്ട് എന്റെ പ്രകൃതിയിൽ എന്നാൽ ഒരുനിമിഷം മതി അതെല്ലാം തകരാൻ. പ്രളയമേ നീ എങ്ങനെ തകർത്താലും കേരളം ഉയർത്തെഴുന്നേൽക്കും പ്രളയത്തെ അധിജീവിച്ച് തല ഉയർത്തിനിൽക്കും പ്രളയത്തെ അധികജീവിച്ച് തലയുയർത്തിനിൽക്കാം നീണ്ടുവരുന്ന കാലത്തെ തോൽപ്പിക്കാൻ കഴിയില്ല കാരണം കേരളവും പ്രകൃതിയും ഒരു ചങ്ങലയാണ് .



ലിറ്റിൽ കൈറ്റ്സ് സ്കൂൾ ടീം

# *THANKS..........*